(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Entrepreneurship Development Institute of India-യുടെ സഹകരണത്തോടുകൂടി യുവസംരംഭക സംഗമം 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങൾ തൊഴിൽ അന്വേഷകർ ആകാതെ തൊഴിൽ ദാതാക്കളായി മാറുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭകത്വ സംസ്കാരം രൂപീകരിക്കുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് യുവസംരംഭക സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) യുവ സംരംഭകർ അവരുടെ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ, ഇവ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ, നിയമപരമായ സാധ്യതകൾ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയ അനുഭവങ്ങൾ പങ്കുവയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇവരുടെ അനുഭവങ്ങൾവഴി പ്രചോദനം നൽകൽ തുടങ്ങിയ വിഷയങ്ങൾ ഈ സംഗമത്തിൽ ചർച്ച ചെയ്തു.

(ഡി) തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ആദ്യഘട്ട പരിശീലനം നൽകിയിരുന്നു. തുടർന്ന് 2014-15 സാമ്പത്തിക വർഷം 9 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) കൂടി പരിശീലനം നടത്തിവരുന്നു. 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിൽ കൂടി പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ**

**211(2203)** ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

യുവജനക്ഷേമ ബോർഡ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ്, ജീവദായിനി തുടങ്ങിയ പദ്ധതികളാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നത്.

**കാസർഗോഡ് ജില്ലയിൽ യുവജനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

**212(2204)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) യുവജന ബോർഡ് മുഖാന്തിരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തിൽ യുവജനകാര്യ വകുപ്പ് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly